ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ 11,000 കോടി രൂപയുടെ ദേശീയ പാത വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യത്തിന് സമർപ്പിക്കും.

**PM Narendra Modi to inaugurate Rs.11,000 Crore Highway Projects in Delhi tomorrow.**

2. അനധികൃത കുടിയേറ്റം രാജ്യത്തെ ജനസംഖ്യാ സന്തുലിതാവസ്ഥയ്ക്ക് വെല്ലുവിളിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi warns against illegal immigration which is threatening demography of the country; Announced demography mission to protect citizens.**

3. രാജ്യത്തെ വാണിജ്യ കയറ്റുമതി 7.3 ശതമാനം വർധിച്ച് 37.24 ബില്യൺ ഡോളറിലെത്തി.

**India's merchandise exports showed a strong performance in July, registering an increase of around**

**7.3 per cent to 37.24 billion dollars on an annual basis.**

**4. കേരളത്തിലെ വടക്കൻ ജില്ലകളിൽ അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy Rain likely for Five Days in Northern Kerala Districts. Fishing Banned Along Kerala-Karnataka-Lakshadweep Coasts.**

**5. ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ചെസ്സ് ചലഞ്ചേഴ്സ് വിഭാഗത്തിൽ ഇന്ത്യയുടെ എം പ്രാണേഷിന് കിരീടം.**

**In Chess, M Pranesh wins Challengers title at Quantbox Chennai Grandmasters Championship.**

&&&&&&&&&&&&&&&&&&

## HEADLINE-1

**PM INAUGU.ON DELHI ROHINI -TWO HIGHWAYS**

ദ്വാരക എക്സ്പ്രസ് വേയുടെ ഡൽഹി സെക്ഷൻ ഉൾപ്പെടെ 11,000 കോടി രൂപയുടെ ദേശീയ പാത പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ശിവ് മൂർത്തി-ദ്വാരക സെക്ടർ-21 ലെ അടിപ്പാത, ദ്വാരക സെക്ടർ-21 ലെ അടിപ്പാതമുതൽ മുതൽ ഡൽഹി-ഹരിയാന അതിർത്തി വരെയുള്ള പാത എന്നിവയാണിവ. അർബൻ എക്സ്റ്റൻഷൻ റോഡിന്റെ രണ്ടാം ഘട്ടം, അലിപൂർ മുതൽ ദിചാവോൺ കലാൻ വരെയുള്ള പാതയും ബഹാദൂർഗഢിലേക്കും സോണിപത്തിലേക്കുമുള്ള പുതിയ ലിങ്കുകളും പ്രധാനമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## HEADLINE-2

**PM – DEMOGRAPHY MISSION– INTRO**

***അനധികൃത കുടിയേറ്റം രാജ്യത്തെ ജനസംഖ്യാ സന്തുലിതാവസ്ഥയ്ക്ക് വെല്ലുവിളിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇത്തരം കുടിയേറ്റങ്ങളിൽ നിന്ന് രാജ്യത്തെ സംരക്ഷിക്കുന്നതിനുള്ള ഡെമോഗ്രഫി മിഷനും അദ്ദേഹം സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ പ്രഖ്യാപിച്ചു. ആദിവാസി വിഭാഗങ്ങളെ തെറ്റിദ്ധരിപ്പിച്ച് അവരുടെ ഭൂമി തട്ടിയെടുക്കാൻ ശ്രമം നടക്കുകയാണ്. ഇത് ഒരു രീതിയിലും അനുവദിക്കില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.***

***(VOICE)***

&&&&&&&&&&&&&&&&&&

**Shubhanshu Shukla**

നാസയുടെ ആക്സിയം ബഹിരാകാശ ദൗത്യവിജയത്തിന് ശേഷം ഇന്ത്യൻ ബഹിരാകാശ സഞ്ചാരി വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ല നാളെ ഇന്ത്യയിലെത്തുമെന്ന് പ്രതീക്ഷ. സമൂഹ മാധ്യമ പോസ്റ്റിൽ ശുഭാൻഷു ശുക്ല തന്നെയാണ് ഇക്കാര്യം പങ്കുവച്ചത്. യുഎസിലെ ആഴ്ചകൾ നീണ്ട പുനരധിവാസത്തിന് ശേഷമാണ് അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങുന്നത്. തന്റെ അനുഭവങ്ങൾ പങ്കുവെക്കാൻ അക്ഷമയോടെ കാത്തിരിക്കുകയാണെന്ന് ശുഭാൻഷു സന്ദേശത്തിൽ പറഞ്ഞു

&&&&&&&&&&&&&&&&&&

**NHAI – FASTAG ANNUAL PASS**

രാജ്യത്തുടനീളമുള്ള ദേശീയപാതകളിലും എക്സ്പ്രസ്സ് വേകളിലുമായി ഏകദേശം 1,150 ടോൾ പ്ലാസകളിൽ ഇന്നലെ മുതൽ 'ഫാസ്റ്റ് ടാഗ് വാർഷിക പാസ്' സൗകര്യം നടപ്പിലാക്കിയതായി ദേശീയപാത അതോറിറ്റി അറിയിച്ചു. ഇതോടെ ഫാസ്റ്റ് ടാഗ് ഇടയ്ക്കിടെ റീചാർജ് ചെയ്യുന്നത് ഒഴിവാക്കി. ഇന്നലെ മാത്രം 1.4 ലക്ഷത്തോളം ഉപയോക്താളാണ് പാസ് വാങ്ങിയത്.

&&&&&&&&&&&&&&&&&&

## HEADLINE-3

## EXPORT- IMPORT GROWTH

രാജ്യത്തെ വാണിജ്യ കയറ്റുമതിയിൽ കഴിഞ്ഞ മാസം വൻ വർദ്ധന. വാർഷിക കണക്കിൽ 7.3 ശതമാനം വളർച്ച നേടി 37.24 ബില്യൺ ഡോളറിലെത്തി. എഞ്ചിനീയിറിംഗ്-ഇലക്ട്രോണിക് സാമഗ്രികൾ, രാസ - ജൈവ സംയുക്തങ്ങൾ, രത്നക്കല്ലുകൾ ആഭരണങ്ങൾ തുടങ്ങിയവയിൽ മികച്ച കയറ്റുമതി ഉണ്ടായതായി വാണിജ്യ-വ്യവസായ മന്ത്രലായത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ചരക്ക് - സേവന കയറ്റുമതയിൽ 5. 23 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

## VAJPAYEE

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ഏഴാം ചരമവാർഷിക മായ ഇന്ന് രാജ്യം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. ദേശീയ തല സ്ഥാനത്ത് വാജ്പേയിയുടെ സ്മാരകത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. അടൽ ബിഹാരി വാജ്പേയി മൂന്ന് തവണയാണ് ഇന്ത്യയുടെ പ്രധാനമന്ത്രിയായത്.

&&&&&&&&&&&&&&&&&&

## NAGALAND GOVERNOR

നാഗാലാൻഡ് ഗവർണർ ലാ ഗണേശൻ അന്തരിച്ചു. ഇന്നലെ ചെന്നൈയിലായിരുന്നു അന്ത്യം. 80 വയസ്സായിരുന്നു. മണിപ്പൂർ ഗവർണറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് വൈകുന്നേരം ചെന്നൈയിൽ നടക്കും. ലാ ഗണേശന്റെ വിയോഗത്തിൽ രാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. നാഗാലാൻറിൽ ഈ മാസം 22 വരെ ഔദ്യോഗിക ദുഃഖാചരണമാണ്.

&&&&&&&&&&&&&&&&&&

## INDIA- SRILANKA NAVAL EXERCISE

ഇന്ത്യ-ശ്രീലങ്ക സംയുക്ത നാവിക അഭ്യാസമായ സ്ലിനെക്സ്- ൽ പങ്കെടുക്കാൻ INS റാണയും INS ജ്യോതിയും കൊളോമ്പോയിൽ എത്തി. അഭ്യാസത്തിന്റെ

പന്ത്രണ്ടാം പതിപ്പാണ് വ്യാഴാഴ്ച ആരംഭിച്ചത്. രണ്ട് പതിറ്റാണ്ടുകളായി ഇരു രാജ്യങ്ങളും തമ്മിലുള്ള സമുദ്ര സഹകരണം ശക്തിപ്പെടുത്താൻ സ്ലിനെക്സിലൂടെ കഴിഞ്ഞുവെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

**SOUTH KOREA-INDIA VISIT**

ദക്ഷിണ കൊറിയൻ വിദേശകാര്യ മന്ത്രി ചോ ഹ്യുയാന്റെ രണ്ട് ദിവസത്തെ ഇന്ത്യ സന്ദർശനം തുടരുന്നു. വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായി അദ്ദേഹം ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. വിവിധ മേഖലകളിലെ ഇന്ത്യ- ദക്ഷിണ കൊറിയ ബന്ധം ശക്തിപ്പെടുത്താൻ സന്ദർശനം സഹായകമാകുമെന്നാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

**KISHTHWAR - FLOOD**

ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ മേഘ വിസ്ഫോടനത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു. രണ്ട് സി ഐ എസ് എഫ് ഉദ്യോഗസ്ഥരുൾപ്പെടെ 60 പേർക്കാണ് ജീവൻ നഷ്ടമായത്. 120 ലധികം പേരെ രക്ഷപ്പെടുത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുമായും മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായും സ്ഥിതിഗതികളെക്കുറിച്ച് ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

**SOIL CARD**

രാജ്യത്തുടനീളം ഈ വർഷം ജൂലൈ വരെ 25 കോടിയിലധികം സൊയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തതായി ദേശീയ കൃഷി വികാസ് യോജന. പദ്ധതിയെ പിന്തുണയ്ക്കുന്നതിനായി സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ആകെ 1706.18 കോടി രൂപ നൽകിയിട്ടുണ്ട്. ഏകദേശം 290 ലക്ഷം ഹെക്ടറുകളിൽ സോയിൽ മാപ്പിംഗും പൂർത്തിയായിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**<u>ബ്രേക്ക്</u>**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....**

**(ബ്രേക്ക്)**

**&&&&&&&&&&&&&&&&&&**

## <u>HEADLINE-5</u>

**<u>CHENNAI GRAND MASTERS</u>**

**ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ചെസ്സ് മത്സരത്തിൽ ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ എം പ്രാണേഷിന് കിരീടം. ചലഞ്ചേഴ്സ് വിഭാഗത്തിലാണ് കിരീട നേട്ടം. ഇതേ മത്സരത്തിൽ മാസ്റ്റേഴ്സ് വിഭാഗത്തിൽ ജർമ്മൻ താരം വിൻസെന്റ് കെയ്മർ കിരീടം നേടിയിരുന്നു.**

**&&&&&&&&&&&&&&&&&&**

**<u>EARLY- TRUMP-PUTIN MEETING (INTRO)</u>**

**അലാസ്ക ഉച്ചക്കോടിയിൽ യുക്രൈൻ - റഷ്യ സംഘർഷം സംബന്ധിച്ച് യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും തമ്മിൽ നടന്ന ചർച്ച സമവായത്തിലെത്തിയില്ല. എന്നാൽ, റഷ്യൻ പ്രസിഡന്റുമായുള്ള കൂടിക്കാഴ്ച ഫലപ്രദമായിരുന്നെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു.**

**(വോയിസ്)**

**&&&&&&&&&&&&&&&&&&**

## <u>HEADLINE-4</u>

**<u>RAIN - KERALA</u>**

**കേരളത്തിലെ വടക്കൻ ജില്ലകളിൽ അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യത. 5 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കേരള തീരത്ത് നാളെ വരെയും ലക്ഷദ്വീപ് തീരത്ത് മറ്റന്നാൾ വരെയും കർണാടക തീരത്ത് ഈ മാസം 19 വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.**

&&&&&&&&&&&&&&&&&&

## KUTHIRAN TRAFFIC JAM

മണ്ണുത്തി- ഇടപ്പള്ളി ദേശീയ പാതയിൽ രൂക്ഷമായ ഗതാഗത കുരുക്ക്. എറണാകുളം ഭാഗത്തേക്ക് 3 കിലോമീറ്ററോളം വാഹനങ്ങളുടെ നീണ്ട നിരയാണുള്ളത്. ഇന്നലെ രാത്രി തുടങ്ങിയ ഗതാഗത കുരുക്ക് ഇപ്പോഴും തുടരുകയാണ്. അടിപ്പാത നിർമ്മാണം നടക്കുന്ന പാതയുടെ സർവീസ് റോഡിൽ അറ്റകുറ്റപ്പണി നടത്താത്തതാണ് ഗതാഗതക്കുരുക്കിന് കാരണം.

&&&&&&&&&&&&&&&&&&

## K PHONE

കേരളത്തിൽ കെ-ഫോണിന്റെ പ്രവർത്തനം OT T സേവനങ്ങൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുന്നു. 29 OT T പ്ലാറ്റ് ഫോമുകളും, 350 ഓളം ഡിജിറ്റൽ ചാനലുകളും ഉൾപ്പെടെ പരിഷ്കരിച്ച കെ-ഫോൺ OT T പ്ലാറ്റഫോമിന്റെ ഉദ്ഘാടനം ഈ മാസം 21 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

&&&&&&&&&&&&&&&&&&

## RAMAYANA MASAM

ഒരു മാസം നീണ്ടു നിന്ന രാമായണ മാസാചരണത്തിന് ഇന്ന് ഭക്തി നിർഭരമായ സമാപനം. ഓണത്തിന്റെ വരവറിയിച്ച് നാളെ ചിങ്ങം ഒന്ന്. ഈ മാസം 26 നാണ് അത്തം.

&&&&&&&&&&&&&&&&&&

## SABARIMALA

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും. മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്ന് ദീപം തെളിക്കും. ശബരിമല കീഴ്ശാന്തി നറുക്കെടുപ്പ്, പമ്പ ഗണപതിക്ഷേത്രം മേൽശാന്തി നറുക്കെടുപ്പ് എന്നിവ നാളെ നടക്കും.

&&&&&&&&&&&&&&&&&&

## JANMASHTAMI

രാജ്യമെമ്പാടും ഇന്ന് ജന്മാഷ്ടമി ഉത്സവം ആഘോഷിക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണന്റെ ജന്മദിനമായാണ് ഇത് ആഘോഷിക്കുന്നത്. ഉത്തർപ്രദേശിലെ മഥുരയും വൃന്ദാവനവും ജന്മാഷ്ടമി ആഘോഷിക്കാൻ തയ്യാറായികഴിഞ്ഞു. ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകൾ നടക്കും.

&&&&&&&&&&&&&&&&&&

## PUDUCHERRY- DE JURE TRANSFER DAY

പുതുച്ചേരിയിൽ ഇന്ന് ഡി ജൂറി ട്രാൻസ്ഫർ ദിനം ആഘോഷിച്ചു. 1962-ലെ ഉടമ്പടിയെത്തുടർന്ന്, പഴയ ഫ്രഞ്ച് അധിവാസ കേന്ദ്രങ്ങളായ പുതുച്ചേരി, കാരക്കൽ, മാഹി, യാനം എന്നിവ ഇന്ത്യൻ യൂണിയനിലേക്ക് ഔപചാരികമായി കൈമാറ്റം ചെയ്യപ്പെട്ടതിന്റെ ഓർമ്മദിനമാണിത്.

&&&&&&&&&&&&&&&&&&

## REV. KCL

കേരളത്തിൻറെ ക്രിക്കറ്റ് മാമാങ്കമായ കേരള ക്രിക്കറ്റ് ലീഗിന്റെ രണ്ടാം പതിപ്പിന് മുന്നോടിയായുള്ള ടീമുകളുടെ ഔദ്യോഗിക ലോഞ്ച് ഇന്ന് തിരുവനന്തപുരത്ത് നടക്കും. ലീഗിലെ ആറ് ടീമുകളെ ഔദ്യോഗിക ഗാനത്തിന്റെ അകമ്പടിയോടെ വേദിയിൽ പരിചയപ്പെടുത്തും. തുടർന്ന് കെ.സി.എല്ലിന്റെ ഭാഗ്യചിഹ്നങ്ങളുടെ പ്രഖ്യാപനവും, സംഗീത നിശയും അരങ്ങേറും.

&&&&&&&&&&&&&&&&&&

## ASIAN SHOOTING CHAMPIONSHIP

കസാക്കിസ്ഥാനിൽ ഇന്ന് ആരംഭിക്കുന്ന ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിനെ രണ്ടുതവണ ഒളിമ്പിക് മെഡൽ ജേതാവായ മനു ഭാക്കർ നയിക്കും. ഇന്ത്യക്കായി 164 ഷൂട്ടർമാരാണ് മത്സരിക്കുന്നത്. ഒളിമ്പ്യൻമാരായ റൈസ ദില്ലൺ, അഞ്ജും

മൗദ്ഗിൽ, ഐശ്വര്യ പ്രതാപ് സിംഗ് തോമർ, തുടങ്ങിയവർ സംഘത്തിലുണ്ട്. ഈ മാസം 30 വരെയാണ് ചാമ്പ്യൻഷിപ്.

&&&&&&&&&&&&&&&&&

**MAHA- RAINFALL/MUDSLIDE INCIDENT**

മുംബൈയിൽ ഇന്ന് കനത്തതോ അതിശക്തമായതോ ആയ മഴയ്ക്കുള്ള സാധ്യത പ്രവചിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ് റെഡ് അലേർട്ട് പുറപ്പെടുവിച്ചു. ഇന്നലെ രാവിലെ മുതൽ നഗരത്തിൽ ഇടയ്ക്കിടെ പെയ്യുകൊണ്ടിരുന്നു മഴ , ഇന്ന് പുലർച്ചെ പല ഇടങ്ങളിലും ശക്തി പ്രാപിച്ചതായാണ് റിപ്പോർട്ട്. തുടർച്ചയായ മഴ നഗരത്തിന്റെ പല ഭാഗങ്ങളിലും വെള്ളക്കെട്ടിന് കാരണമായി. മിക്ക സ്ഥലങ്ങളിലും ദൈനംദിന ജീവിതവും ഗതാഗതവും തടസ്സപ്പെട്ടു . അനാവശ്യ യാത്രകൾ ഒഴിവാക്കാൻ മുംബൈ പോലീസ് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി . അതേസമയം, അയൽ പ്രദേശങ്ങളായ റായ്ഗഡിൽ ഓറഞ്ച് അലേർട്ടും പാൽഘറിനും താനെയ്ക്കും മഞ്ഞ അലേർട്ടും പുറപ്പെടുവിച്ചിട്ടുണ്ട്. അതിനിടെ മുംബൈയ്ക്കടുത്തുള്ള വിക്രോളി പ്രദേശത്ത് ഇന്നലെ രാത്രി ഉണ്ടായ മണ്ണിടിച്ചിലിൽ രണ്ട് പേർ മരിക്കുകയും രണ്ട് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പുലർച്ചെ രണ്ട് മണിയോടെ സമീപത്തുള്ള കുന്നിൻ ചെരുവിൽ നിന്ന് മണ്ണും പാറകളും താഴെ ഒരു കുടിലിലേക്ക് ഇടിഞ്ഞുവീണാണ് അപകടം . പരിക്കേറ്റവരെ അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു, സംഭവത്തിൽ കൂടുതൽ അന്വേഷണം പുരോഗമിക്കുകയാണ്.

-

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&